**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2405** **04-03-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ബജറ്റിലെ സംസ്ഥാനത്തോടുള്ള അവഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025-26 വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് സംസ്ഥാനത്തിന്റെ ആവശ്യങ്ങളും താല്പര്യങ്ങളും നിരസിക്കുന്നതും പൊതുവേ നിരാശജനകവുമാണെന്ന സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2025-26 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് സംസ്ഥാനത്തിന്റെ ആവശ്യങ്ങളെയും താത്പര്യങ്ങളെയും നിരസിക്കുന്നതും നിരാശജനകവുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനോന്മുഖമായ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനം ബഹു: മുഖ്യമന്ത്രിതലത്തിലും മന്ത്രിതലങ്ങളിലും ഉദ്യോഗസ്ഥതലങ്ങളിലും കേന്ദ്ര സർക്കാരിന് നിരന്തരം നിവേദനങ്ങളും കത്തുകളും സമർപ്പിക്കാറുണ്ട്. ഇതേ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി നേരിട്ട് ഉന്നയിച്ചിട്ടുമുണ്ട്. 2025-26 -ലെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ബഹു: സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ബഹു: കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് 20.12.2024-ൽ സമർപ്പിച്ച നിവേദനത്തിലെ സംസ്ഥാനത്തിന്റെ വിവിധ പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു .<br><br>1. സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന ധന ഞെരുക്കം മറികടക്കുന്നതിനായി 2025-26 മുതൽ 2 വർഷകാലയളവിലേയ്ക്ക് 24000കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കുക.<br>2. പ്രകൃതി ദുരന്തമുണ്ടായ വയനാടിന്റെ പുനരധിവാസത്തിനായി 2000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കുക.<br>3. വിഴിഞ്ഞം അന്തർദേശീയ തുറമുഖ വികസനത്തിനായി 5000കോടി രൂപയുടെ പ്രത്യേക സഹായം അനുവദിക്കുക.<br>4. പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കുകയും വരും വർഷങ്ങളിലെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് എസ്റ്റിമേറ്റ് ചെയ്യുന്നതിന് മുൻ |

വർഷങ്ങളിലെ അക്കൌണ്ടന്റ് ജനറലിന്റെ ആഡിറ്റ് ചെയ്ത കണക്കുകൾ സ്വീകരിക്കുകയും ചെയ്യുക.

5. സംസ്ഥാനത്തിന്റെ സാധാരണ കടമെടുപ്പ് പരിധി 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ഉപാധിരഹിതമായി 3 ശതമാനത്തിൽ നിന്നും 3.5 ശതമാനമായി ഉയർത്തുകയും ഊർജ മേഖലയിലെ പരിഷ്കാരങ്ങൾക്കുള്ള ജി എസ് ഡി പിയുടെ 0.5 ശതമാനം അധിക കടമെടുപ്പ് പതിനഞ്ചാം ധന കാര്യ കമ്മീഷന്റെ അവസാന വർഷമായ 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്യുക.
6. ജൽജീവൻ മിഷൻ പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിനാവശ്യമായ തുക സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിക്ക് ഉപരിയായി കടമെടുക്കുന്നതിനു അനുമതി നൽകുക.
7. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി സംസ്ഥാനത്തിന് അർഹമായ കടമെടുപ്പിൽ നിന്നും കുറവ് ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തുക.
8. മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിരിക്കുന്ന 50 വർഷ പലിശരഹിത വായ്പാ സഹായ പദ്ധതി ലഭ്യമാകുന്നതിനുള്ള നിർബന്ധിത വ്യവസ്ഥയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാന്റിങ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നത്. ഈ നിർബന്ധിത വ്യവസ്ഥ ഒഴിവാക്കുക.
9. ദേശീയ പാത വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധന മൂലം ഏകദേശം 6000 കോടി രൂപ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തിന് ചെലവഴിക്കേണ്ടി വന്നു. കേന്ദ്ര സർക്കാർ നയങ്ങളോട് യോജിച്ചുകൊണ്ടും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തെ പിന്തുണക്കുന്നതിനും 6000 കോടി രൂപ ഉപാധികളില്ലാതെ കടമെടുക്കുന്നതിന് സംസ്ഥാനത്തിന് അനുമതി നല്കുക .

10. ജി.എസ്.ടിയുമായി ബന്ധപ്പെടുന്ന അടിസ്ഥാന പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കുന്നത് വരെയും പ്രതീക്ഷിക്കപ്പെടുന്ന ജി.എസ്.ടി വരുമാനം ലഭ്യമാകുന്നതുവരെയും സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാക്കുന്നത് തുടരുക.
11. കേരള പ്രവാസി ക്ഷേമ ബോർഡിനായി 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ 300 കോടി രൂപ അനുവദിക്കുക.
12. കേരളത്തിലെ ഐ റ്റി ഐ-കളുടെ ഉന്നമനത്തിനായി 2100 കോടി രൂപ അനുവദിക്കുക
13. കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചെയ്ഞ്ച് അഡാപ്റ്റേഷൻ മിഷൻ കാലാവസ്ഥ പ്രതിരോധത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള 9 പ്രൊജക്ടുകളുടെ പ്രാരംഭ ആവശ്യങ്ങൾക്കായി 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ 4500 കോടി രൂപ അനുവദിക്കുക
14. കേരളത്തിലെ തീര ശോഷണം നേരിടുന്നതിനായി 2329 കോടി രൂപയും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ പുരധിവാസത്തിനായുള്ള പുനർഗേഹം പദ്ധതിയുടെ വിജയകരമായ പൂർത്തികരണത്തിനായി 1876 കോടി രൂപയും 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
15. മനുഷ്യ -വന്യ മൃഗ സംഘർഷ ലഘൂകരണത്തിനായി 1000 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
16. കേരളത്തിലെ ജനസംഖ്യയിൽ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം ക്രമാതീതമായി വർധിക്കുകയാണ് .വയോജനങ്ങളുടെ സംരക്ഷണത്തിനായി 3940 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
17. റബ്ബർ വില സ്ഥിരതാ ഫണ്ടിനായും സ്വാഭാവിക റബ്ബർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 1000 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
18. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് കുടിശ്ശികയായി നൽകാനുള്ള 2000 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുകയും ഈയിനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ കേന്ദ്ര

സർക്കാർ വകിരുത്തുന്ന വിഹിതം 60 ശതമാനത്തിൽ നിന്നും 75 ശതമാനമായി ഉയർത്തുകയും ചെയ്യുക.

19. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെൻ്ററിന്റെ രണ്ടാമത്തെ ക്യാംപസിനായി 1293 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
20. പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതിക്കായി 2117 കോടി രൂപയും സംസ്ഥാനത്തെ തുറമുഖങ്ങളുടെ നവീകരണത്തിനായി 500 കോടി രൂപയും 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
21. സംസ്ഥാനത്തെ റെയിൽ പാത വികസനത്തിന് വേണ്ട പരിഗണന നൽകുകയും കേന്ദ്ര ബജറ്റിലൂടെ വിഹിതം അനുവദിക്കുകയും ചെയ്യുക.
22. പണപ്പെരുപ്പം നേരിടുന്നതിനും സാമൂഹ്യ ക്ഷേമം സംരക്ഷിക്കുന്നതിനും വളം, ഭക്ഷ്യം , പെട്രോളിയം മറ്റ് അവശ്യ സാധങ്ങൾ എന്നിവയ്ക്കായി കേന്ദ്ര ബജറ്റിലൂടെ സബ്സിഡി അനുവദിക്കുക.
23. അങ്കണവാടി ജീവനകാർക്കും ആശാ വർക്കേഴ്സിനുമുള്ള ഓണറേറിയം നിരക്ക്, ദേശീയ സാമൂഹ്യ സഹായ പദ്ധതിക്ക് കീഴിലുള്ള പെൻഷൻ നിരക്ക്, ഉച്ച ഭക്ഷണ പദ്ധതിക്കുള്ള സഹായം, പാവപെട്ടവർക്കുള്ള ഭവന പദ്ധതിക്കുള്ള സഹായം എന്നിവ കേന്ദ്ര ബജറ്റിലൂടെ വർധിപ്പിക്കുക. വർദ്ധിച്ച പണപ്പെരുപ്പം കണക്കിലെടുത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തി ദിനങ്ങൾ ഉയർത്തുകയും ദിവസ വേതനം വർധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര ബജറ്റിലൂടെ കൈകൊള്ളുക.
24. സംസ്ഥാനം ദീർഘകാലമായി ആവശ്യപ്പെടുന്ന AIIMS സ്ഥാപിക്കൽ, കണ്ണൂരിൽ ആയുർവേദത്തിനു വേണ്ടി അന്തർ ദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ മുതലായവ സാധ്യമാക്കുക.
25. സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി വരുമാന വിഭജനത്തിന്റെ അനുപാതം 50:50 ൽ നിന്ന് 60:40 ആയി ഉയർത്തുക.
26. അസാധാരണമായ ഉയർന്ന നിരക്കിൽ കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സ്, സർചാർജ്

| | | | |
|---|---|---|---|
| | | | എന്നിവ ഘട്ടം ഘട്ടമായി നിർത്തലാക്കുക.<br><br>കൂടാതെ സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണെന്ന കാര്യവും ശ്രദ്ധേയമാണ് . |
| (ബി) | സംസ്ഥാനത്തിന് അവകാശപ്പെട്ടതും ന്യായമായതുമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 2025-26 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് സംസ്ഥാനത്തിന്റെ ആവശ്യങ്ങളെയും താത്പര്യങ്ങളെയും നിരസിക്കുന്നതും നിരാശജനകവുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനോന്മുഖമായ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനം ബഹു: മുഖ്യമന്ത്രിതലത്തിലും മന്ത്രിതലങ്ങളിലും ഉദ്യോഗസ്ഥതലങ്ങളിലും കേന്ദ്ര സർക്കാരിന് നിരന്തരം നിവേദനങ്ങളും കത്തുകളും സമർപ്പിക്കാറുണ്ട്. ഇതേ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി നേരിട്ട് ഉന്നയിച്ചിട്ടുമുണ്ട്. 2025-26 -ലെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ബഹു: സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ബഹു: കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് 20.12.2024-ൽ സമർപ്പിച്ച നിവേദനത്തിലെ സംസ്ഥാനത്തിന്റെ വിവിധ പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു .<br><br>1. സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന ധന ഞെരുക്കം മറികടക്കുന്നതിനായി 2025-26 മുതൽ 2 വർഷകാലയളവിലേയ്ക്ക് 24000കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കുക.<br>2. പ്രകൃതി ദുരന്തമുണ്ടായ വയനാടിന്റെ പുരധിവാസത്തിനായി 2000 കോടി രൂപയുടുടെ പ്രത്യേക പാക്കേജ് അനുവദിക്കുക.<br>3. വിഴിഞ്ഞം അന്തർദേശീയ തുറമുഖ വികസനത്തിനായി 5000കോടി രൂപയുടെ പ്രത്യേക സഹായം അനുവദിക്കുക.<br>4. പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കുകയും വരും വർഷങ്ങളിലെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് എസ്റ്റിമേറ്റ് ചെയ്യുന്നതിന് മുൻ |

വർഷങ്ങളിലെ അക്കൌണ്ടന്റ് ജനറലിന്റെ ആഡിറ്റ് ചെയ്ത കണക്കുകൾ സ്വീകരിക്കുകയും ചെയ്യുക.

5. സംസ്ഥാനത്തിന്റെ സാധാരണ കടമെടുപ്പ് പരിധി 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ഉപാധിരഹിതമായി 3 ശതമാനത്തിൽ നിന്നും 3.5 ശതമാനമായി ഉയർത്തുകയും ഊർജ മേഖലയിലെ പരിഷ്കാരങ്ങൾക്കുള്ള ജി എസ് ഡി പിയുടെ 0.5 ശതമാനം അധിക കടമെടുപ്പ് പതിനഞ്ചാം ധന കാര്യ കമ്മീഷന്റെ അവസാന വർഷമായ 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്യുക.
6. ജൽജീവൻ മിഷൻ പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിനാവശ്യമായ തുക സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിക്ക് ഉപരിയായി കടമെടുക്കുന്നതിനു അനുമതി നൽകുക.
7. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി സംസ്ഥാനത്തിന് അർഹമായ കടമെടുപ്പിൽ നിന്നും കുറവ് ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തുക.
8. മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിരിക്കുന്ന 50 വർഷ പലിശരഹിത വായ്പാ സഹായ പദ്ധതി ലഭ്യമാകുന്നതിനുള്ള നിർബന്ധിത വ്യവസ്ഥയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാന്റിങ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നത്. ഈ നിർബന്ധിത വ്യവസ്ഥ ഒഴിവാക്കുക.
9. ദേശീയ പാത വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധന മൂലം ഏകദേശം 6000 കോടി രൂപ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തിന് ചെലവഴിക്കേണ്ടി വന്നു. കേന്ദ്ര സർക്കാർ നയങ്ങളോട് യോജിച്ചുകൊണ്ടും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തെ പിന്തുണക്കുന്നതിനും 6000 കോടി രൂപ ഉപാധികളില്ലാതെ കടമെടുക്കുന്നതിന് സംസ്ഥാനത്തിന് അനുമതി നല്കുക .

10. ജി.എസ്.ടിയുമായി ബന്ധപ്പെടുന്ന അടിസ്ഥാന പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കുന്നത് വരെയും പ്രതീക്ഷിക്കപ്പെടുന്ന ജി.എസ്.ടി വരുമാനം ലഭ്യമാകുന്നതുവരെയും സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാക്കുന്നത് തുടരുക.
11. കേരള പ്രവാസി ക്ഷേമ ബോർഡിനായി 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ 300 കോടി രൂപ അനുവദിക്കുക.
12. കേരളത്തിലെ ഐ റ്റി ഐ-കളുടെ ഉന്നമനത്തിനായി 2100 കോടി രൂപ അനുവദിക്കുക
13. കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചെയ്ഞ്ച് അഡാപ്റ്റേഷൻ മിഷൻ കാലാവസ്ഥ പ്രതിരോധത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള 9 പ്രൊജക്ടുകളുടെ പ്രാരംഭ ആവശ്യങ്ങൾക്കായി 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ 4500 കോടി രൂപ അനുവദിക്കുക
14. കേരളത്തിലെ തീര ശോഷണം നേരിടുന്നതിനായി 2329 കോടി രൂപയും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ പുരധിവാസത്തിനായുള്ള പുനർഗേഹം പദ്ധതിയുടെ വിജയകരമായ പൂർത്തികരണത്തിനായി 1876 കോടി രൂപയും 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
15. മനുഷ്യ -വന്യ മൃഗ സംഘർഷ ലഘൂകരണത്തിനായി 1000 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
16. കേരളത്തിലെ ജനസംഖ്യയിൽ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം ക്രമാതീതമായി വർധിക്കുകയാണ് .വയോജനങ്ങളുടെ സംരക്ഷണത്തിനായി 3940 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
17. റബ്ബർ വില സ്ഥിരതാ ഫണ്ടിനായും സ്വാഭാവിക റബ്ബർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 1000 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
18. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് കുടിശ്ശികയായി നൽകാനുള്ള 2000 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുകയും ഈയിനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ കേന്ദ്ര

സർക്കാർ വകിരുത്തുന്ന വിഹിതം 60 ശതമാനത്തിൽ നിന്നും 75 ശതമാനമായി ഉയർത്തുകയും ചെയ്യുക.

19. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ രണ്ടാമത്തെ ക്യാംപസിനായി 1293 കോടി രൂപ 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
20. പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതിക്കായി 2117 കോടി രൂപയും സംസ്ഥാനത്തെ തുറമുഖങ്ങളുടെ നവീകരണത്തിനായി 500 കോടി രൂപയും 2025-26 -ലെ കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
21. സംസ്ഥാനത്തെ റെയിൽ പാത വികസനത്തിന് വേണ്ട പരിഗണന നൽകുകയും കേന്ദ്ര ബജറ്റിലൂടെ വിഹിതം അനുവദിക്കുകയും ചെയ്യുക.
22. പണപ്പെരുപ്പം നേരിടുന്നതിനും സാമൂഹ്യ ക്ഷേമം സംരക്ഷിക്കുന്നതിനും വളം, ഭക്ഷ്യം , പെട്രോളിയം മറ്റ് അവശ്യ സാധങ്ങൾ എന്നിവയ്ക്കായി കേന്ദ്ര ബജറ്റിലൂടെ സബ്സിഡി അനുവദിക്കുക.
23. അങ്കണവാടി ജീവനകാർക്കും ആശാ വർക്കേഴ്സിനുമുള്ള ഓണറേറിയം നിരക്ക്, ദേശീയ സാമൂഹ്യ സഹായ പദ്ധതിക്ക് കീഴിലുള്ള പെൻഷൻ നിരക്ക്, ഉച്ച ഭക്ഷണ പദ്ധതിക്കുള്ള സഹായം, പാവപെട്ടവർക്കുള്ള ഭവന പദ്ധതിക്കുള്ള സഹായം എന്നിവ കേന്ദ്ര ബജറ്റിലൂടെ വർധിപ്പിക്കുക. വർദ്ധിച്ച പണപ്പെരുപ്പം കണക്കിലെടുത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തി ദിനങ്ങൾ ഉയർത്തുകയും ദിവസ വേതനം വർധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര ബജറ്റിലൂടെ കൈകൊള്ളുക.
24. സംസ്ഥാനം ദീർഘകാലമായി ആവശ്യപ്പെടുന്ന AIIMS സ്ഥാപിക്കൽ, കണ്ണൂരിൽ ആയുർവേദത്തിനു വേണ്ടി അന്തർ ദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ മുതലായവ സാധ്യമാക്കുക.
25. സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി വരുമാന വിഭജനത്തിന്റെ അനുപാതം 50:50 ൽ നിന്ന് 60:40 ആയി ഉയർത്തുക.
26. അസാധാരണമായ ഉയർന്ന നിരക്കിൽ കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സ്, സർചാർജ്

| | | | |
|---|---|---|---|
| | | | എന്നിവ ഘട്ടം ഘട്ടമായി നിർത്തലാക്കുക.<br><br>കൂടാതെ സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണെന്ന കാര്യവും ശ്രദ്ധേയമാണ് . |

സെക്ഷൻ ഓഫീസർ